# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2117 05.05.2017 ന് മറുപടിയ്ക്ക്.

## വന്യജീവികൾക്ക് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.അബ്ദുറഹിമാൻ | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കൊടും വരൾച്ച മൂലം കുടിവെള്ളമില്ലാതെ കാട്ടിലെ പക്ഷിമൃഗാദികൾ ചത്തൊടുങ്ങുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കേരളത്തിലെ ജലസമൃദ്ധമായ വനമേഖലയിൽ പോലും അതിരൂക്ഷമായ വരൾച്ചയുടെ കാരണം വകുപ്പ് പഠനവിധേയമാക്കിയിട്ടുണ്ടോ; | (ബി) ഇത്തരത്തിലുള്ള പഠനം വനം വകുപ്പ് നടത്തിയിട്ടില്ല. |
| (സി) പക്ഷികൾക്കും മൃഗങ്ങൾക്കും കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് ചെക്ക് ഡാം (തടയണ) നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) വരൾച്ച മുൻകൂട്ടി കണ്ട് കേരളത്തിലെ വനമേഖലയിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തടയണ നിർമ്മിക്കുകയും നിലവിലുണ്ടായിരുന്നവയുടെ അറ്റകുറ്റപ്പണികൾ നടത്തി പരമാവധി ജലം ശേഖരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) വനത്തിനുള്ളിലെങ്കിലും ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ജലലഭ്യത ഉറപ്പ വരുത്തി പക്ഷിമൃഗാദികളുടെ സംരക്ഷണത്തിന് മറ്റ് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്? | (ഡി) വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി സ്വാഭാവിക ജലാശയങ്ങൾ, ചെക്ക്ഡാമുകൾ, കുളങ്ങൾ ഉൾപ്പെടെ 1500-ഓളം വരുന്ന ജലസ്രോതസ്സുകൾ നവീകരിക്കുകയും, പരമാവധി ജലലഭ്യത ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നുണ്ട്. അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നുണ്ട്. ജലസ്രോതസ്സുകളുടെ സമീപ പ്രദേശങ്ങളിൽ മുള, പുല്ലുകൾ എന്നിവ വച്ചു പിടിപ്പിക്കുന്നുണ്ട്. |

Latheesh

സെക്ഷൻ ഓഫീസർ